പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 179

# 2019-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 31/01/19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 179

# 2019-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

155/2019.

<u>പതിനാലാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 179</u>

# 2019-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2019-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഡിസംബർ 22-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥ</u>.—(1) 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലോ (1974-ലെ 17) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനിലോ ഓർഡിനൻസിലോ ചട്ടങ്ങളിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റിന്റെ (2018-ലെ 18-ാം ആക്റ്റ്) പ്രാരംഭ തീയതിക്കു മുൻപ് ഔദ്യോഗിക കാലാവധി അവസാനിച്ച കേരള സർവ്വകലാശാലാ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും

സംഗതിയിൽ പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ചുമതലകൾ (2)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു താൽക്കാലിക നികായം ആറുമാസക്കാലത്തേക്കോ അല്ലെങ്കിൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെയോ, അതിൽ ഏതാണോ ആദ്യം, അതുവരെ നിർവ്വഹിക്കേണ്ടതാണ്.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും എല്ലാ ചുമതലകളും നിർവ്വഹിക്കുന്നതിനുമായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു താൽക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്:—

1 സിൻഡിക്കേറ്റിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ.

2 നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ:

(i) സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ;

(ii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിൽ നിന്നും ഒരു അദ്ധ്യാപകൻ;

(iii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിൽ നിന്നും എയ്ഡഡ് കോളേജുകളിൽ നിന്നും ഓരോ പ്രിൻസിപ്പൽ വീതം;

(iv) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളേജുകളിൽ നിന്നുള്ള രണ്ട് അദ്ധ്യാപക പ്രതിനിധികൾ;

(v) സർവ്വകലാശാലയിലുള്ളതോ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ അല്ലെങ്കിൽ എയ്ഡഡ് കോളേജുകളിൽ നിന്നും ഉള്ളതോ ആയ ഒരു വിദ്യാർത്ഥി;

(vi) വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ പെടുന്ന ആളും ആയിരിക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 58) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ 18-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ നാല് വർഷം കൂടുമ്പോൾ സർവ്വകലാശാലയുടെ സെനറ്റ് പുനഃസംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ആക്റ്റിലെ 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിനുള്ള മൂന്നാം ക്ലിപ്തനിബന്ധന പ്രകാരം സിൻഡിക്കേറ്റിന്റെ കാലാവധി സെനറ്റിന്റെ കാലാവധിയോടൊപ്പം അവസാനിക്കുന്നതാണ്.

2. സർവ്വകലാശാലയുടെ സെനറ്റ് 2014 മേയ് 17-ാം തീയതി പുനഃസംഘടിപ്പിച്ചിരുന്നു. അതനുസരിച്ച് 2018 മേയ് 16-ാം തീയതി കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അവസാനിച്ചു. 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ പ്രസ്താവിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ, ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെ സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു താൽക്കാലിക ബദൽ ക്രമീകരണം കൊണ്ടുവരുന്നതിന് 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ് (2018-ലെ 18) കേരള നിയമസഭ പാസ്സാക്കുകയും ആയത് 2018 ജൂലൈ 3-ാം തീയതിയിലെ 1776-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ആക്റ്റ് പ്രകാരം രൂപീകരിച്ച താൽക്കാലിക നികായത്തിന്റെ കാലാവധി 2018 നവംബർ 16-ാം തീയതി അവസാനിച്ചിരുന്നു.

3. 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ് (2018-ലെ 18)-ലെ വ്യവസ്ഥകൾ പ്രകാരമുള്ള കാലയളവിനുള്ളിൽ സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെയോ അല്ലെങ്കിൽ ആറുമാസക്കാലത്തേക്കോ അതിൽ ഏതാണോ ആദ്യം അതുവരെ സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു താൽക്കാലിക ബദൽ ക്രമീകരണം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ്, 2018 ഡിസംബർ 22-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഡിസംബർ 22-ാം തീയതിയിലെ 3240-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 58-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിൻൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി രൂപീകരിക്കപ്പെടുന്ന താൽക്കാലിക നികായത്തിന്റെ യോഗങ്ങൾ നടത്തുന്നതിനായി സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. അപ്രകാരം, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം സിൻഡിക്കേറ്റിന്റെയും ഉപസമിതികളുടെയും യോഗങ്ങൾക്ക് 11,82,299 (പതിനൊന്ന് ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി ഒൻപത്) രൂപയും സെനറ്റ് യോഗങ്ങൾക്ക് 3,99,534 (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിനാല്) രൂപയും അക്കാദമിക് കൗൺസിൽ യോഗങ്ങൾക്ക് 1,59,764 (ഒരു ലക്ഷത്തി അമ്പത്തൊൻപതിനായിരത്തി എഴുനൂറ്റി അറുപത്തിനാല്) രൂപയും ഉൾപ്പെടെ ഏകദേശം 17,41,597 (പതിനേഴ് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപയുടെ ആവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. ബില്ലിലെ 2-ാം ഖണ്ഡപ്രകാരമുള്ള കാലയളവിലേക്ക് ഇതിന് ആനുപാതികമായ ചെലവ് വരുന്നതാണ്.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെയോ ആറ് മാസക്കാലത്തേക്കോ, അതിൽ ഏതാണോ ആദ്യം അതുവരെ, പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു താൽക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 2-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏതു കാര്യം സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത്, അത് നടപടിക്രമം സംബന്ധിച്ച കാര്യവും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാണ്. മാത്രമല്ല, വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം അത് നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. കെ. ടി. ജലീൽ.